**MARGIN MONEY GRANT TO NANO UNITS**


**ലോറൻസ് മാത്യു**

**9446367985**


കേരളത്തിലാരംഭിക്കുന്ന പ്രൊപ്രൈറ്ററി വിഭാഗത്തിലുള്ള നാനോ സംരംഭങ്ങൾക്ക് ആവശ്യമായ ഇൻസെന്റീവ് കൊടുക്കുന്ന ഒരു ലോൺ ലിങ്ക്ഡ് പദ്ധതിയാണ് 'മാർജിൻ മണി ഗ്രാന്റ്ടു നാനോ യൂണിറ്റ്' എന്നത്.

**ആർക്ക് വേണ്ടിയാണ് പദ്ധതി**

പത്ത് ലക്ഷം രൂപ വരെ ആകെ പദ്ധതി ചിലവ് പ്രതീക്ഷിക്കുന്ന എല്ലാ പുതിയ ഉൽപ്പാദന, ജോബ് വർക്ക്, മൂല്യ വർദ്ധനയുള്ള സേവന വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾ എന്നിവക്ക് ഈ സഹായം ലഭ്യമാണ്.

**മുൻഗണന ആർക്കൊക്കെ**

- എസ് സി, എസ് ടി വിഭാഗത്തിൽപ്പെട്ടവർ
- വനിതകൾ
- 40 വയസ്സിൽ താഴെ ഉള്ളവർ
- ഭിന്ന ശേഷിയുള്ളവർ
- വിമുക്ത ഭടൻമാർ

ഈ പദ്ധതിയിൽ 30 ശതമാനം ഗുണഭോക്താക്കളും വനിതകളായിരിക്കണം.

**മറ്റ് നിബന്ധനകൾ എന്തൊക്കെ**

- സ്ഥലം, സ്ഥലം ഒരുക്കൽ, ഡോക്യുമെന്റേഷൻ ഇവ ആകെ പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടുവാൻ പാടുള്ളതല്ല.
- കെട്ടിടച്ചിലവ് ആകെ പദ്ധതി തുകയുടെ 25 ശതമാനത്തിൽ കൂടുവാൻ പാടില്ല
- പ്രൊജക്ട് റിപ്പോർട്ട് ഉൾപ്പെടെയുള്ള പ്രാരഭ ചിലവുകൾ ആകെ പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടുവാൻ പാടില്ല
- Contingence Allowance പദ്ധതി തുകയുടെ 10 ശതമാനത്തിൽ കൂടുവാൻ പാടില്ല.
- പ്രവർത്തന മൂലധനം പദ്ധതി തുകയുടെ 40 ശതമാനത്തിൽ കൂടുവാൻ പാടുള്ളതല്ല.
- പ്ലാന്റ്, യന്ത്ര സാമഗ്രികൾ, ലാബിലുള്ള ഉപകരണങ്ങൾ, ജനറേറ്റർ, മാലിന്യ നിയന്ത്രണ സംവിധാനങ്ങൾ, വയറിങ്ങ് തുടങ്ങിയവയ്ക്കെല്ലാം ഈ പദ്ധതി പ്രകാരം ഗ്രാന്റ് ലഭ്യമാണ്.

**ഏതൊക്കെ സംരംഭങ്ങൾക്ക് അപേക്ഷിക്കാം**

- മീൻ, ഇറച്ചി സംസ്കരണ, പാക്കിങ്ങ് യൂണിറ്റുകൾ
- പഴം പച്ചക്കറി സംസ്കരണ പാക്കിങ്ങ് യൂണിറ്റുകൾ
- എംബ്രോയഡറി ചെയ്യുന്ന യൂണിറ്റുകൾ
- മെറ്റൽ, ഫാബ്രിക്കേറ്റഡ മെറ്റൽ ജോലി ചെയ്യുന്ന യൂണിറ്റുകൾ
- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ടി വി, പ്രൊജക്ടർ, എ സി, വിഡിയോ ക്യാമറ, വാച്ച്, ക്ലോക്ക് തുടങ്ങിയ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ നന്നാക്കുന്ന യൂണിറ്റുകൾ
- ഇലക്ട്രിക് വെൽഡിങ്ങ്, സോൾഡറിങ്ങ് എന്നിവ ചെയ്യുന്ന യൂണിറ്റുകൾ
- ലോൺഡ്രി, ഡ്രൈ ക്ലീനിങ്ങ് യൂണിറ്റുകൾ
- ഫോട്ടോ കോപ്പി സ്ഥാപനങ്ങൾ
- മോട്ടോർ വാഹനങ്ങൾ നന്നാക്കുന്ന സ്ഥാപനങ്ങൾ
- ടയർ റി ട്രേഡിങ്ങ് സ്ഥാപനങ്ങൾ
- അപ്ഹോൾസ്റ്ററി വർക്ക്
- മീൻ പിടുത്തത്തിനുള്ളതും അല്ലാത്തതുമായ ബോട്ടുകളുടെ സർവീസ്
- സ്കൂട്ടർ ഉൽപ്പന്നങ്ങളുടെ സർവീസ്
- പൈപ്പുകളുടേയും പൈപ്പ് ലൈനുകളുടേയും മെയിന്റനൻസ് ജോലികൾ
- പമ്പുകളുടേയും മറ്റ് യന്ത്രങ്ങളുടേയും സർവീസ്
- എല്ലാത്തരത്തിലുമുള്ള മാലിന്യ നിർമ്മാർജ്ജന സംരംഭങ്ങൾ
- മറ്റ് വിവര സാങ്കേതിക സേവനം നൽകുന്ന സ്ഥാപനങ്ങൾ
- റി സൈക്കിൾ യൂണിറ്റുകൾ
- വർക്ക് ഷോപ്പുകൾ

ഇത് കൂടാതെ സമാന സ്വഭാവമുള്ള മൂല്യ വർദ്ധിത സേവനങ്ങൾ യോഗ്യതയുള്ളവയെന്ന് കണ്ടെത്തിയാൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ഗ്രാന്റ് അനുവദിക്കാവുന്നതാണ്.

**സാമ്പത്തിക സഹായം എങ്ങനെ**

- പദ്ധതി ചിലവിന്റെ 40 ശതമാനം ബാങ്ക് വായ്പയായിരിക്കും. ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യമാണ്.
- ആകെ പദ്ധതി ചിലവിന്റെ 30 ശതമാനം സംരംഭകന്റെ വിഹിതമാണ്.
- 30 ശതമാനം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാന്റായി അനുവദിക്കപ്പെടും

എന്നാൽ മുൻഗണനാ വിഭാഗത്തിൽ വരുന്ന സംരംഭകർക്ക് സംരംഭകന്റെ വിഹിതം പദ്ധതി ചിലവിന്റെ 20 ശതമാനവും ജില്ലാ വ്യവസായ കേന്ദ്രം വഴി നൽകുന്ന ധനസഹായം 40 ശതമാനവും ആയിരിക്കും. സർക്കാർ ധന സഹായം സ്വീകരിച്ചതിന് ശേഷം 3 വർഷമെങ്കിലും യൂണിറ്റ് പ്രവർത്തിക്കേണ്ടതുണ്ട്.

**എങ്ങനെ ലഭിക്കാം**

ഈ സ്കീമിൽ ധന സഹായം ലഭിക്കുവാനായി സംരംഭകൻ താലൂക്ക് വ്യവസായ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതായ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം പ്രൊജക്ട് റിപ്പോർട്ട് ധന കാര്യ സ്ഥാപനത്തിൽ കൊടുക്കേണ്ടതുണ്ട്. സംരംഭകന്റെ വിഹിതം ബാങ്കിൽ അടച്ചതിന് ശേഷം ബാങ്കിൽ നിന്നും ലഭിക്കുന്ന അനുമതി പത്രം സഹിതം താലൂക്ക് വ്യവസായ ഓഫീസുകൾ വഴി അതാത് ജില്ലാ വ്യാവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**അപേക്ഷയിൽ എന്തൊക്കെ വേണം**

- നിശ്ചിത ഫോമിലുള്ള അപേക്ഷ
- പ്രൊജക്ട് റിപ്പോർട്ട്
- ആധാരത്തിന്റെ പകർപ്പ് (സ്ഥലം സ്വന്തമാണെങ്കിൽ)
- വാടക കരാർ
- യന്ത്ര സാമഗ്രികകളുടെയും, വയറിങ്ങ് സാധനങ്ങളുടെയും കൊട്ടേഷൻ
- സിവിൽ ജോലി ഉണ്ടെങ്കിൽ അപ്രൂവലുള്ള എഞ്ചിനിയറുടെ വാല്യുവേഷൻ
- ബാങ്കിന്റെ ലോൺ അനുമതി പത്രം
- ജില്ലാ വ്യവസായ കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ

കൂടുതൽ വിവരങ്ങൾക്ക് താലൂക്ക് വ്യവസായ ഓഫീസുകളുമായോ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലുള്ള വ്യവസായ വികസന ഓഫീസർമാരുമായോ ബന്ധപ്പെടുക